# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3497 — 12/12/2014 ൽ മറുപടിയ്ക്ക്

### രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് എന്തെല്ലാം സഹായപദ്ധതികളാണ നടപ്പാക്കി വരുന്നതെന്ന വ്യക്തമാക്കാമോ; | (എ) 2014-15 വർഷം നാളികേരവികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ സി.ഡി.ബിയുടെ നാളികേര വികസന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ഒന്നാം വർഷ പരിചരണം നടപ്പിലാക്കുന്ന 1000 ഹെക്ടറിൽ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സഹായം നൽകി വരുന്നു. |
| (ബി) 2014-15 വർഷത്തിൽ ടി പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും, എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തെ 26 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിക്ക് ആകെ 4219 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ നിന്ന് പരമാവധി 10 തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപാ നിരക്കിൽ ധനസഹായം ലഭ്യമാണ്. ഇതിനായി പ്രത്യേകം തുക പദ്ധതിയിൽ വകയിരുത്തിയിട്ടില്ല. എങ്കിലും പഞ്ചായത്തുകൾക്ക് പദ്ധതിഘടകം ആവശ്യാനുസരണം നിശ്ചയിക്കാവുന്നതാണ്. ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം കോക്കനട്ട് ഡവലപ്പമെന്റ് ബോർഡ് വിഹിതമായി തെങ്ങൊന്നിന് 250 രൂപാ നിരക്കിൽ 2500 രൂപ ഹെക്ടറൊന്നിന് ലഭിക്കുന്നതാണ്. മേൽ പദ്ധതികളിൽ ഇതിനായുള്ള തുക ഇതുവരെ ചിലവായിട്ടില്ല. |
| (സി) രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റിയതിനുള്ള ധനസഹായം ലഭിക്കുന്നതിന് കൃഷിക്കാർ എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കണമെന്ന വിശദമാക്കാമോ? | (സി) ബന്ധപ്പെട്ട കൃഷിഭവനിൽ അപേക്ഷ നൽകി, മുറിച്ച് മാറ്റിയ തെങ്ങുകളുടെ പരിശോധന പൂർത്തിയാക്കി കൃഷിഭവനിൽ നിന്നുള്ള ക്ലെയിം അംഗീകരിക്കുന്ന മുറയ്ക്ക് കർഷകർക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടിൽ ഇ-പേയ്മെന്റ് ആയി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ